

# തബ്‌ലീഗ് ജമാഅത്ത് യാഥാർത്ഥ്യമെന്ത്...?

മുബാറക് ബാഖവി അൽ അഫ്ളലി, വടക്കുംമുറി
ഫോൺ: 9947 603 088
(M.Q.S.S) പബ്ലിഷിംഗ് വിംങ്

# തബ്‌ലീഗ് ജമാഅത്ത്
# യാഥാർത്ഥ്യമെന്ത്...?

മുബാറക് ബാഖവി അൽ അഫ്ളലി, വടക്കുംമുറി

മമ്പഉൽ ഖുത്വുബ സാഹിത്യസമാജം (M.Q.S.S)
പബ്ലിഷിംഗ് വിംങ്

## ആശംസകൾ...

**വി**ശുദ്ധ ഇസ്‌ലാമിന്റെ സുന്ദരാശയങ്ങൾ നെഞ്ചിലേറ്റി മുസ്ലിം ഉമ്മത്ത് ഐക്യത്തോടെ സുശക്തമായി നിലകൊണ്ടപ്പോൾ അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ഇസ്ലാമിന്റെ ശത്രുക്കൾ നടത്തിയ കുത്സിത ശ്രമത്തിന്റെ ഫലമായി പലകാലഘട്ടങ്ങളിലായി മുസ്‌ലിംകൾക്കിടയിൽ നിന്ന് തന്നെ പുത്തൻ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. എന്നാൽ ഈയടുത്തകാലത്തായി ഡൽഹിയിൽ തലപൊക്കിയ ഒന്നാണ് തബ്‌ലീഗ്, ജമാഅത്ത് പണ്ഡിത വേഷം ധരിച്ച് മുസ്‌ലിം മഹല്ലുകളിൽ ഫിത്നയുണ്ടാക്കുന്ന ഇവരുടെ ആശയ വൈകല്യങ്ങൾ വളരെ ലളിതമായ ശൈലിയിൽ ക്രോഡീകരിച്ച കൊച്ചുകൃതിയാണ് ഇത്. ഉപകാരപ്രദമായ ഒന്നായി അള്ളാഹു സ്വീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാവിധ ആശംസകളും നേരുകയും ചെയ്യുന്നു.

**– ഓടക്കൽ ബാപ്പുട്ടി മുസ്ലിയാർ**

**ഖാസി, വെങ്കുളം മഹല്ല്**

---

പ്രമുഖ പണ്ഡിതനും സൂഫിയുമായിരുന്ന ഓടക്കൽ കുട്ടി എന്ന അബ്ദുറഹിമാൻ മുസ്ലിയാർ (ന:മ) കാണിച്ചുതന്ന സത്യത്തിന്റെ വഴിയിൽ അടിയുറച്ച് നിന്ന് വളരെ ഐക്യത്തോടെ സസന്തോഷം മുന്നോട്ട് പോകുന്ന ഒരു പ്രദേശമാണ് വെങ്കുളം മഹല്ല്. എന്നാൽ ഈയടുത്തായി നാട്ടിൽ അനൈക്യവും ഫിത്നയുമുണ്ടാക്കി തബ്‌ലീഗ് ജമാഅത്ത് തലപൊക്കിയതും അവരുടെ വേഷവും മറ്റും കണ്ട് ചില ചെറുപ്പക്കാരെങ്കിലും ആകൃഷ്ടരായതും വളരെ ദു:ഖകരമായ ഒരു വാർത്തയാണ്. ഈ സാഹചര്യത്തിൽ അവരുടെ പിഴച്ച വിശ്വാസങ്ങൾ തെളിവ് സഹിതം തുറന്ന് കാട്ടുന്ന ഒരു കൃതി നമ്മുടെ മുദരിസും ഖത്വീബുമായ മുബാറക് ബാഖവി അൽ അഫ്ളലി അവർകൾ എഴുതിയതിൽ വളരെയേറെ സന്തോഷമുണ്ട്. നാട്ടുകാരെല്ലാം ഇത് വായിക്കുകയും സത്യം ഗ്രഹിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ഇതിന് എല്ലാവിധ ആശംസകൾ നേരുകയും ചെയ്യുന്നു.

**എന്ന്,കെ.ടി. മൂസഹാജി**

മഹല്ല് സെക്രട്ടറി, വെങ്കുളം ജുമാമസ്ജിദ്

## തബ്ലീഗുകാർ പറയാറുള്ളത്.

1. തബ്ലീഗ് ജമാഅത്ത് ഒരു സംഘടനയോ പ്രസ്ഥാനമോ അല്ല.
2. അതിന് നേതാക്കളോ, ഗ്രന്ഥങ്ങളോ ഇല്ല.
3. ഞങ്ങൾ വഹാബികളോ മുജാഹിദുകളോ അല്ല.
4. കള്ള് കുടിച്ചും, മോഷണം നടത്തിയും മറ്റും അലഞ്ഞുതിരിയുന്ന ആളുകൾക്ക് നന്മ പറഞ്ഞുകൊടുക്കൽ മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം.
5. അത്തഹിയ്യാത്തിൽ നബി(സ) തങ്ങളെ ഓർക്കുന്നതിനേക്കാൾ നല്ലത് വല്ല കഴുതയേയും ഓർക്കലാണെന്നും, മൗലിദ് തെറ്റാണെന്നും പോലുള്ള വാദങ്ങൾ ഞങ്ങളുടെ പേരിൽ ആരോപിക്കുകയാണ്.

## എന്നാൽ സത്യമെന്ത് ? തബ്ലീഗ് നേതാക്കൾ അവരുടെ ഗ്രന്ഥങ്ങളിൽ പറയുന്നത് ഇങ്ങനെ

**1. തബ്ലീഗ് ജമാഅത്ത് ഒരു സംഘടന തന്നെയാണ്.**

ഹിജ്റ 1303 ൽ ജനിച്ച മുഹമ്മദ് ഇൽയാസ് ഹി : 1345 ലാണ് തബ്ലീഗ് ജമാഅത്തിന് തുടക്കം കുറിച്ചത്.

**(ഹള്റത് മുഹമ്മദ് ഇൽയാസ് ഉൻകീ ദീനി ദഅ്വത്ത്)**
**-ഉറുദു- 48, 91**

അള്ളാഹു, ഈ മുസ്ലിം ലോകത്തിന് കനിഞ്ഞരുളിയ നവോത്ഥാന നായകരിൽ അനുഗ്രഹീത പരിഷ്കർത്താവായ മുഹമ്മദ് ഇൽയാസ് ആണ് തബ്ലീഗിന്റെ സ്ഥാപകൻ

**(അൽ ബലാഗ് മാസിക 1999 മെയ്, മലയാളം-പേജ് : 20)**

**2. ഇതിന് നേതാക്കളും ഗ്രന്ഥങ്ങളും ഉണ്ട്**

## നേതാക്കൾ

1. റശീദ് അഹമ്മദ് ഗങ്കോഹി (ഇൽയാസിന്റെ പ്രധാന ഗുരു)
2. അശ്റഫ് അലി ഥാനവി (ഗങ്കോഹിയുടെ മരണശേഷം ഇൽയാസിന്റെ ഗുരു)
3. ഖലീൽ അഹമ്മദ് അമ്പേട്ടവി (ഇൽയാസിന്റെ മറ്റൊരു മാർഗ്ഗദർശി)
4. മുഹമ്മദ് മൻസൂർ നുഅ്മാനി (പ്രധാന ശിഷ്യനും വാമൊഴി ക്രോഡീകരിച്ച് ഗ്രന്ഥ രചന നടത്തുകയും ചെയ്തയാൾ)
5. അബുൽ ഹസൻ അലി നദ്‌വി (പ്രധാന ശ്ഷ്യനും ജീവചരിത്ര കാരനും, തബ്ലീഗിനെ എതിർത്തവർക്ക് മറുപടി എഴുതുകയും ചെയ്തയാൾ)
6. മുഹമ്മദ് ഇദ്‌രീസ് അൻസാരി (ഡൽഹി അമീർ, തബ്ലീഗിന്റെ നിയമാവലി രചിച്ചയാൾ)

## ഗ്രന്ഥങ്ങൾ

1. മൽഫൂളാത് 2. തബ്ലീഗ് ദസ്തുറുൽ അമൽ 3. ഫതാവാ റശീദിയ്യ 4. ബറാഹിനെ ഖാത്വിഅ 5. ഹിഫ്ളുൽ ഈമാൻ 6. സ്വിറാതെ മുസ്തഖീം കൂടാതെ കേരളത്തിലെ നേതാക്കന്മാർ എഴുതിയതും വിവർത്തനം ചെയ്തതുമായ മലയാള കൃതികൾ

### 3. വഹാബികളാണോ ?

ആദ്യം വഹാബികളെ പരിചയപ്പെടുക.

ഹി: 1115 – 1206 കാലഘട്ടങ്ങളിൽ മുഹമ്മദ്ബ്നു അബ്ദുൽ വഹാബ് എന്നയാൾ തുടക്കം കുറിച്ച പ്രസ്ഥാനമാണിത്. വഹാബിസം, സലഫിസം, നജ്ദിസം, ഇസ്‌ലാഹി പ്രസ്ഥാനം എന്ന പല പേരിലും ഇത് അറിയപ്പെടുന്നു. ആയിരത്തോളം കൊല്ലം മുസ്ലിംങ്ങൾക്കിടയിൽ നിരാക്ഷേപം നടന്നുവന്ന വിശ്വാസാചാരങ്ങളെ ശിർക്കാണെന്ന് മുദ്രകുത്തി ധാരളം മുസ്ലിം പണ്ഡിതന്മാരെ കൊന്നൊടുക്കുകയും മക്കയിലും മദീനയിലുമുള്ള മഹാത്മാക്കളുടെഖബറുകൾ ഇടിച്ച് നിരത്തുകയും കഅ്ബ കൊള്ളയടിക്കുകയും ചെയ്യാൻ നേതൃത്വം നൽകുകയും ചെയ്ത ധിക്കാരിയാണ് ഇബ്നു അബ്ദുൽ

വഹാബ്. തന്റെ പിതാവും ഉസ്താദും ഏറെ ഉപദേശിച്ചുനോക്കിയിട്ടും അത് സ്വീകരിക്കാൻ കൂട്ടാക്കിയില്ല. സ്വന്തം സഹോദരൻ ഇബ്നു അബ്ദുൽ വഹാബിനെതിരെ ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇസ്ലാമിനെ ഇത്രത്തോളം വികൃതമാക്കിയ ഇദ്ദേഹത്തെകുറിച്ച് തബ്‌ലീഗുകാർ പറയുന്നത് ഇങ്ങനെയാണ്.

" ഇബ്നു അബ്ദുൽ വഹാബിനെ ജനങ്ങൾ വഹാബി എന്ന് വിളിക്കുന്നു. അദ്ദേഹം നല്ല മനുഷ്യനായിരുന്നു. ഹംബലി മദ്ഹബ് കാരനാണ് ബിദ്അത്തിനും ശിർക്കിനുമെതിരിൽ പ്രവർത്തിച്ചയാളാണ് അദ്ദേഹത്തിന്റെ വിശ്വാസം ശരിയാണ്."

**(ഫതാവാ റിശീദിയ്യ ഉറുദു)**

വഹാബികളെ പിന്തുണക്കുന്നു എന്നതിന് ഇനി വേറെ തെളിവ് ആവശ്യമില്ല.

**4. നന്നാക്കലാണോ ലക്ഷ്യം ?**

അല്ല, തബ്‌ലീഗിന്റെ സ്ഥാപകനായ ഇല്യാസ് തന്റെ ആത്മ സുഹൃത്തിനെ വിളിച്ച് പറഞ്ഞതിങ്ങനെ

...ളഹീറുൽ ഹസ്സൻ, എന്റെ ഹൃദയത്തിലുള്ളത് എന്താണെന്ന് ആരും മനസ്സിലാക്കുന്നില്ല. അവർ ചിന്തിക്കുന്നത് ഇത് നിസ്കരിക്കാനുള്ളതാണെന്നാണ്. ഞാൻ സത്യം ചെയ്ത് പറയട്ടെ ഒരിക്കലുമല്ല. എന്റെ ലക്ഷ്യം പുതിയ ഒരു പാർട്ടി ഉണ്ടാക്കലാണ്.

**(ഹഖീഖത്ത് മാസിക മലയാളം പേജ് 44)**

ഇതേ ആശയം അദ്ദേഹത്തിന്റെ പ്രധാന ശിശ്യനും വാമൊഴികൾ ക്രോഡീകരിച്ച് ഗ്രന്ഥം എഴുതിയ മൻസൂർ നുഅ്മാനി മൽഫൂളാത്തിലും പറയുന്നു.

**(മൽഫൂളാത്ത് ഉറുദു പേജ് 32)**

**5. ആരോപണങ്ങൾ**

കഴുതയെ ഓർക്കലും മൗലിദ് വിരോധവും വെറും ആരോപണം ആണോ ?

അല്ല, തബ്‌ലീഗുകാർക്ക് ഈ വാദം ഉണ്ട്.

1. "നിസ്കാരത്തിൽ വല്ല ശൈഖിനേയോ നബി (സ) തങ്ങളെതന്നെയോ ഓർക്കുന്നത് തന്റെ കാളയെയോ കഴുതയേയോ

ഓർക്കുന്നതിനേക്കാൾ മോശമാണ് കാരണം ഇത്തരം ചിന്ത ബഹുമനത്തോടെയും ആദരവോടെയുമാണ്. കഴുതയും കാളയും ബഹുമാനപുരസരം ആകുന്നില്ലല്ലോ ഇത് ശിർക്കിലേക്കെത്തിക്കും."

(സ്വിറാതെ മുസ്തഖീം 148 ഉറുദു )

2. യാ റസൂലുല്ലാ എന്ന് നബി (സ) അറിയുമെന്ന് കരുതി വിളിച്ചാൽ അത് കുഫ്റാകുന്നു. അദൃശ്യജ്ഞാനം നബി (സ) ക്കുണ്ടെന്ന് വിശ്വസിച്ചിട്ടില്ലെങ്കിലും കുഫ്റിനോട് സാദൃശ്യമുള്ളതാണ്.

(ഫതാവാ റിശീദിയ്യ 62 ഉറുദു)

3. മൗലിദ്

ബഹുമാന പുരസരം എഴുന്നേറ്റ് നിൽക്കാതെ സ്വഹീഹായ റിപ്പോർട്ടുകൾ മാത്രം ഉൾപ്പെടുത്തി മൗലിദ് മജ്‌ലിസുകൾ സംഘടിപ്പിക്കാമോ ?

ഉത്തരം: ഏത് നിലയിലും മൗലിദ് സദസ്സൊരുക്കാൻ പാടില്ല, അതിൽ പങ്കെടുക്കലും അനുവദനീയമല്ല.

(ഫതാവാ റിശിദിയ്യ 130 ഉറുദു)

4. നബി (സ) തങ്ങൾക്ക് സലാം പറയൽ

അസ്സലാത്തു വസ്സലാമു അലൈക്ക എന്ന് ചൊല്ലുമ്പോൾ അത് തങ്ങൾ കാണുന്നവരാണെന്ന് വിശ്വസിക്കാൻ പാടില്ലാത്തതാണ്. ഇല്ലെങ്കിലും ഒഴിവാക്കേണ്ടതാണ്.

(മകാത്തീബ് ഉറുദു 90)

ശ്രദ്ധിക്കുക: ഇത് തബ്‌ലീഗുകാർ നിഷേധിക്കാറുണ്ട്. തെളിയിച്ചു തന്നാൽ 2 ഏക്കർ തരാമെന്ന് പറയാറുണ്ട്. അങ്ങനെയുള്ളവർ എന്റെ നമ്പറിൽ ബന്ധപ്പെടുക.

## തബ്‌ലീഗുകാരോട്

ലോക മുസ്ലിംങ്ങളെ മുഴുവൻ കാഫിറാക്കികൊണ്ടുള്ള നിങ്ങളുടെ നീക്കം ഈമാൻ കിട്ടാതെ മരിക്കാൻ കാരണമാക്കും. ആഖിറത്തിനെ കുറിച്ച് ചിന്തയുണ്ടെങ്കിൽ കാപട്യനാടകം അവസാനിപ്പിച്ച് സത്യത്തിലേക്ക് മടങ്ങുക.

ഇനി കാപട്യമല്ല, ആത്മാർത്ഥമെങ്കിൽ നിങ്ങൾ സുന്നി ഉസ്താദുമാരെ തുടർന്ന് നിസ്കരിക്കാതിരിക്കുക (അവർ കാഫിറുകളാ

ണല്ലോ) സുന്നികളുടെ പള്ളികളിൽ കയറാതിരിക്കുക.

## തബ്‌ലീഗിൽപെട്ടുപോയവരോട് വിനയപൂർവ്വം

ഇവരുടെ വേഷവും പ്രവർത്തനങ്ങളും കണ്ട് പെട്ടുപോയതായിരിക്കാം ഒന്ന് ആലോചിക്കുക. ഇത്രയും വൃത്തികെട്ട വിശ്വാസങ്ങൾ ഉള്ളിലൊളിപ്പിച്ച് ബാഹ്യം നന്നാക്കിയത്കൊണ്ട് കാര്യമില്ലല്ലോ അത് കൊണ്ട് പൂർവ്വികർ കൈമാറിതന്ന ഇസ്ലാമിൽ നിന്ന് പടിയിറങ്ങും മുമ്പ് നന്നായി ഓർക്കുക. സംശയം തീരുന്നില്ലെങ്കിൽ നേരിൽ ബന്ധപ്പെടുകയോ വിളിക്കുകയോ ചെയ്യുക.

## സുന്നികളോട്

നൂറ്റാണ്ടുകളായി നടന്നുവരുന്ന ആചാരങ്ങളെ നിരാകരിക്കുകയും നബി (സ) ഉൾപ്പെടെയുള്ള പൂർവ്വ സൂരികളായ ഇമാമുമാരെ അവഹേളിക്കുകയും ചെയ്യുന്ന ഇത്തരം പുത്തൻ പ്രസ്ഥാനങ്ങൾക്ക് ഒരു നീക്കുപോക്കിനും അവസരം കൊടുക്കാതിരിക്കുക. അവർക്കെതിരെ കർശന നിലപാടെടുക്കുക അത് ദീനിനോടുള്ള കടപ്പാടാണെന്നറിയുക. ദീനിന്റെ നിലനിൽപ്പിന് വേണ്ടി ത്യാഗം ചെയ്തമഹത്തുക്കളെ അവഹേളിച്ചുകൊണ്ടും അവരെ ദീനിൽ നിന്ന് പുറത്താക്കികൊണ്ടുമുള്ള പ്രവർത്തനങ്ങൾ മുസ്ലിങ്ങൾക്ക് മൊത്തത്തിലും നമ്മുടെ നാടുകൾക്കും അപകടം വരുത്തിവെക്കുമെന്നും ഈമാൻ കിട്ടാതെ മരിക്കാൻ കാരണമാകുമെന്നും ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുക.

*തബ് ലീഗ് ജമാഅത്തിനെക്കുറിച്ച് പണ്ഡിതന്മാർ ഉണർത്തിയതും അവരുടെ ഗ്രന്ഥങ്ങൾ പരതി നേരിട്ട് കണ്ടതുമായ വസ്തുതകൾ അടിസ്ഥാന മാക്കിമാത്രമാണ് ഇത്രയും കുറിച്ചത്. സത്യം സത്യമായി മനസ്സിലാക്കാനും അതുൾക്കൊ ള്ളാനും അള്ളാഹു നമുക്കെല്ലാം തൗഫീഖ് ചെയ്യട്ടെ, ദുആ വസിയത്തോടെ...*

**മുബാറക് ബാഖവി അൽ അഫ്ളലി**
മുദരിസ് & ഖത്തീബ്, ഖുതുബിയ്യ ജുമാ മസ്ജിദ്
വെങ്കുളം, ഒ. കെ. മുറി, ഊരകം
ഫോൺ: 9947 603 088